# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഫെബ്രുവരി 11**

**February 11** **2019**

***1193 മകരം 28 തിങ്കൾ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### സർട്ടിഫിക്കറ്റ് ഹാജരാക്കണം

ഏറത്ത് ഗ്രാമപഞ്ചായത്തിലെ വിധവാ പെൻഷൻ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾ നാളിതുവരെ പുനർവിവാഹം ചെയ്തിട്ടില്ല എന്ന ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഈ മാസം 20ന് മുമ്പ് ഹാജരാക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 502/19)

### കെ–ടെറ്റ്: സർട്ടിഫിക്കറ്റ് കൈപ്പറ്റണം

2018 ജൂൺ മാസം നടത്തിയ കെ–ടെറ്റ് പരീക്ഷയിൽ വിജയിച്ച പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ ഉദ്യോഗാർഥികൾ ഈ മാസം 28ന് മുമ്പ് സർട്ടിഫിക്കറ്റ് വാങ്ങണമെന്നും അല്ലാത്തപക്ഷം നിശ്ചിത ഫീസ് പരീക്ഷാഭവനിൽ ഒടുക്കിയ ശേഷം മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കൂ എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. (പിഎൻപി 503/19)

### കരട് പട്ടിക പ്രസിദ്ധീകരിച്ചു

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന മത്സരപരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2018–19 മെഡിക്കൽ, എൻജിനീയറിംഗ് വിഭാഗത്തിലെ ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ പരിശോധിക്കാം. കരട് പട്ടികയിൽ ആക്ഷേപമുള്ളവർ അസൽ രേഖകൾ സഹിതം ഇന്ന് (12) ഉച്ചയ്ക്ക് 12ന് മുമ്പ് വകുപ്പുമായി ബന്ധപ്പെടണം. (പിഎൻപി 504/19)

## വനിതാ കമ്മീഷൻ മെഗാ അദാലത്ത്

സംസ്ഥാന വനിതാ കമ്മീഷൻ ഈ മാസം 18ന് തിരുവല്ല വൈഎംസിഎ ഹാളിൽ രാവിലെ 10.30 മുതൽ മെഗാ അദാലത്ത് നടത്തും. (പിഎൻപി 505/19)

## സ്കോളർഷിപ്പ്: അപേക്ഷകൾ ഹാജരാക്കണം

സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർഥികളുടെ സ്കോളർഷിപ്പിന് ലഭ്യമായ അപേക്ഷകൾ സമയബന്ധിതമായി അതത് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമാക്കി അനുമതി ഉത്തരവ് വാങ്ങേണ്ടതും ഉടൻ തന്നെ ക്ലെയിം സ്റ്റേറ്റ്മെന്റ് നൽകി അർഹരായ വിദ്യാർഥികൾക്ക് കുടിശിക ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ സ്ഥാപന മേധാവികളും നടപടി സ്വീകരിക്കണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

(പിഎൻപി 506/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 11<br>February 11 | 2019 |
|---|---|

***1193 മകരം 28 തിങ്കൾ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**റേഷൻ കാർഡ് കൈപ്പറ്റണം**

പുതിയ റേഷൻ കാർഡിനായി കോഴഞ്ചേരി താലൂക്ക് സപ്ലൈ ആഫീസിൽ നേരിട്ടും ഓൺലൈനായും അപേക്ഷിച്ചവരുടെ റേഷൻ കാർഡ് വിതരണത്തിന് തയാറായി. അപേക്ഷകരോ കുടുംബാംഗങ്ങളോ കുടുംബ കാർഡും തിരിച്ചറിയൽ രേഖയുമായി താലൂക്ക് സപ്ലൈ ആഫീസിൽ നേരിട്ടെത്തി കാർഡ് കൈപ്പറ്റണം. മുൻഗണനാ കാർഡുകൾക്ക് 50 രൂപയും പൊതു വിഭാഗം കാർഡുകൾക്ക് 100 രൂപയുമാണ് ഫീസ്.

നിലവിലുള്ള റേഷൻ കാർഡിലെ തെറ്റു തിരുത്തൽ, അംഗങ്ങളെ ചേർക്കൽ, കുറയ്ക്കൽ, മറ്റ് താലൂക്കുകളിലേക്കുള്ള മാറ്റം എന്നിവയ്ക്ക് അപേക്ഷ സമർപ്പിച്ചവർ കുടുംബ കാർഡുമായി എത്തി സർട്ടിഫിക്കറ്റുകളും തിരുത്തലുകളും രേഖപ്പെടുത്തി വാങ്ങാം. ഓൺലൈൻ അപേക്ഷകർ അപേക്ഷയുടെ നമ്പർ ഹാജരാക്കണം.

(പിഎൻപി 507/19)

**മഞ്ഞിനിക്കര – ഇലവുംതിട്ട – കിടങ്ങന്നൂർ – മുളക്കുഴ റോഡ്**
**നിർമാണ ഉദ്ഘാടനം നാളെ (13)**

ആറന്മുള നിയോജകമണ്ഡലത്തിൽ പുതിയകാലം പുതിയ നിർമാണം എന്ന വികസന മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് കിഫ്ബി 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുന്ന മഞ്ഞിനിക്കര മുതൽ ഇലവുംതിട്ട-കിടങ്ങന്നൂർ-മുളക്കുഴ വരെയുള്ള റോഡിന്റെ നിർമാണോദ്ഘാടനം നാളെ വൈകിട്ട് 3.30ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിക്കും. വീണാജോർജ് എംഎൽഎയുടെ അധ്യക്ഷതയിൽ ഊന്നുകൽ ജംഗ്ഷനിൽ

നടക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. സജി ചെറിയാൻ എംഎൽഎ വിശിഷ്ടാതിഥിയായി പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എം.ബി.സത്യൻ, രേഖ അനിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കലാ അജിത്ത്, ഗീതാ വിജയൻ, എൻ.ഗോപാലകൃഷ്ണക്കുറുപ്പ്, ഐഷാ പുരുഷോത്തമൻ, രശ്മി രവീന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ലീലാ മോഹൻ, വിനീതാ അനിൽ, കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എൻജിനീയർ വി.വി.ബിനു, സൂപ്രണ്ടിംഗ് എൻജിനീയർ ജി.ഉണ്ണികൃഷ്ണൻ നായർ, എക്സിക്യൂട്ടീവ് എൻജിനീയർ ആർ.അനിൽകുമാർ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 508/19)

## ആഞ്ഞിലിമൂട്ടിൽ കടവ് പാലത്തിന്റെ ഉദ്ഘാടനം നാളെ (13)

ആറന്മുള നിയോജകമണ്ഡലത്തിൽ പുതിയകാലം പുതിയ നിർമാണം എന്ന വികസന മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് പൂർത്തീകരിച്ച ആഞ്ഞിലിമൂട്ടിൽ കടവ് പാലം നാളെ വൈകിട്ട് 5.30ന് ആഞ്ഞിലിമൂട്ടിൽ കടവിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്യും. വീണാജോർജ് എംഎൽഎയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ രേഖ അനിൽ, കൃഷ്ണകുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഐഷാ പുരുഷോത്തമൻ, എൽസി ക്രിസ്റ്റഫർ, ജില്ലാ പഞ്ചായത്ത് അംഗം വിനീതാ അനിൽ, പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എൻജിനീയർ ജി.ഉണ്ണികൃഷ്ണൻ നായർ, ചീഫ് എൻജിനീയർ എം.എൻ.ജീവരാജ്, എക്സിക്യൂട്ടീവ് എൻജിനീയർ ആർ.അനിൽകുമാർ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 509/19)

## മദ്യനിരോധനം ഏർപ്പെടുത്തി

റാന്നി ഗ്രാമപഞ്ചായത്തിൽ 14ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പുതുശേരിമല വാർഡ് പരിധിക്കുള്ളിൽ വോട്ടെടുപ്പ് അവസാനിക്കുന്നതിന് തൊട്ടുമുമ്പ് 48 മണിക്കൂർ സമയത്തേക്കും വോട്ടെണ്ണൽ ദിനമായ 15നും സമ്പൂർണമദ്യനിരോധനം ഏർപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവായി. (പിഎൻപി 510/19)

## പ്രാദേശിക അവധി

റാന്നി ഗ്രാമപഞ്ചായത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പുതുശേരിമല വാർഡിന്റെ പരിധിയിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 14നും വോട്ടെടുപ്പ് നടക്കുന്ന പുതുശേരിമല ഗവൺമെന്റ് യു.പി സ്കൂളിന് 13നും 14നും പ്രാദേശിക അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി. (പിഎൻപി 511/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഫെബ്രുവരി 11

February 11

2019

1193 മകരം 28 തിങ്കൾ

# പത്രക്കുറിപ്പ് -3


www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷം 20 മുതൽ 27 വരെ**

**വികസന നേട്ടങ്ങൾ പൊതുജനങ്ങളിൽ എത്തിക്കാൻ പരിശ്രമിക്കണം**

**–മന്ത്രി കെ രാജു**

സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷപരിപാടികൾ പത്തനംതിട്ട നഗരസഭ ഇടത്താവളത്തിൽ ഫെബ്രുവരി 20 മുതൽ 27 വരെ നടക്കുമെന്ന് വനം വകുപ്പ് മന്ത്രി കെ രാജു പറഞ്ഞു. ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് കലക് ട്രേറ്റ് സമ്മേളന ഹാളിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഒരാഴ്ച നീണ്ട് നിൽക്കുന്ന പ്രദർശനം, വികസന സെമിനാറുകൾ, സാംസ്കാരിക പരിപാടികൾ, എല്ലാ നിയോജക മണ്ഡലങ്ങളിലും മൂന്ന് ദിവസത്തെ പരിപാടികൾ, പുതിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും ഉദ്ഘാടനങ്ങൾ എന്നിവ ആഘോഷങ്ങളുടെ ഭാഗമായി നടക്കും.

സർക്കാരിന്റെ വികസന നേട്ടങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുവാൻ പരിപാടിയിലൂടെ സാധിക്കണമെന്ന് മന്ത്രി പറഞ്ഞു. ചരിത്രത്തിൽ സമാനതകളില്ലാത്ത വികസന പദ്ധതികളാണ് കേരളത്തിൽ ഇപ്പോൾ നടന്നു വരുന്നത്. നവകേരള നിർമിതിയുടെ ഭാഗമായി നടപ്പാക്കിയ നാല് മിഷനുകൾ, പ്രളയാനന്തര പുനർനിർമാണം തുടങ്ങി എല്ലാ പദ്ധതികളും പൂർണ വിജയം നേടി ലോകത്തിന് തന്നെ മാതൃകയായി. സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങൾ ജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുവാനും അവബോധം സൃഷ് ടിക്കുവാനും സാധിക്കുന്ന രീതിയിലായിരിക്കണം ആഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

ദിനാഘോഷ പരിപാടികൾ പൂർണമായും ഗ്രീൻപ്രോട്ടോകോൾ പാലിച്ച് നടത്തണമെന്നും ഫ്ളെക്സുബോർഡുകളും പ്ലസ്റ്റിക് ഉപയോഗവും കഴിയുന്നത്ര കുറയ്ക്കുന്നതിന് വകുപ്പുകൾ ശ്രദ്ധിക്കണമെന്നും വീണാ ജോർജ് എം എൽ പറഞ്ഞു. ആയിരം ദിനാഘോഷത്തോട് അനുബന്ധിച്ച് തുടക്കം കുറിക്കുവാൻ കഴിയുന്ന ആറന്മുള നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ എംഎൽഎ അവതരിപ്പിച്ചു.

വിവിധ മണ്ഡലങ്ങളിൽ ഉദ്ഘാടനം ചെയ്യാനുള്ളതും നിർമാണം തുടങ്ങുന്നതുമായ പദ്ധതികൾ സമയം നിശ്ചയിച്ച് നടപ്പാക്കണമെന്നും ഈ പദ്ധതികളുടെ പ്രചാരണം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന നടത്തണമെന്നും ചിറ്റയം ഗോപകുമാർ എം എൽ എ പറഞ്ഞു. അടൂർ നിയോജക മണ്ഡലത്തിലെ ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന പദ്ധതികൾ എംഎൽഎ അവതരിപ്പിച്ചു.

വനം വകുപ്പ് മന്ത്രി കെ. രാജു ചെയർമാനും ആന്റോ ആന്റണി എംപി, എം എൽ എ മാരായ മാത്യു ടി തോമസ്, രാജു ഏബ്രഹാം , വീണാ ജോർജ് , അടൂർ പ്രകാശ്, ചിറ്റയം ഗോപകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപൂർണാദേവി, നഗരസഭ അധ്യക്ഷ ഗീത സുരേഷ്, തിരുവല്ല നഗരസഭ അധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ, അടൂർ നഗരസഭ അധ്യക്ഷ ഷൈനി ബോബി, പന്തളം നഗരസഭ അധ്യക്ഷ റ്റി.കെ. സതി, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡ് ചെയർമാൻ കെ. അനന്തഗോപൻ, ഫോക്ലോർ അക്കാദമി ചെയർമാൻ സി ജെ കുട്ടപ്പൻ, കെഎസ്എഫ്ഇ ചെയർമാൻ ഫിലിപ്പോസ് തോമസ്, കേരള സ്റ്റേറ്റ് ലേബർ ഫെഡ് ചെയർമാൻ മണ്ണടി അനിൽ, ജില്ലാ കലക് ടർ പി ബി നൂഹ് കൺവീനറും ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി. മണിലാൽ ജോയിന്റ് കൺവീനറുമായി സംഘാടക സമിതി രൂപീകരിച്ചു.

കേരളത്തിലെ വിവിധ രുചിക്കൂട്ടുകൾ പരിചയപ്പെടുത്തുന്ന കുടുംബശ്രീയുടെ ഫുട്കോർട്ട് മേളയുടെ മുഖ്യ ആകർഷകമാവും. ഇതിന് പുറമേ കുടുംബശ്രീ സംഘങ്ങളുടെ ഉത്പന്നങ്ങളുടെ പ്രദർശന വിപണന സ്റ്റാളുകളും ഉണ്ടാകും. പൊതുജനങ്ങൾക്ക് നേരിട്ട് സേവനം നൽകുന്ന എല്ലാ വകുപ്പുകളും തങ്ങളുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന സ്റ്റാളുകൾ ഒരുക്കും. റവന്യു, തദ്ദേശ സ്വയംഭരണം, നഗരകാര്യം, മോട്ടോർ വാഹനം, എംപ്ലോയ്മെന്റ്, തൊഴിൽ, കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യപൊതുവിതരണം, ക്ഷീരവികസനം, വനിതാ ശിശുക്ഷമം, സാമൂഹ്യനീതി, പൊലീസ്, ഫയർ ആന്റ് റെസ്ക്യൂ, ആയുർവേദ, പട്ടികജതി വികസനം, എക്സൈസ്, ഫിഷറീസ്, സഹകരണം തുടങ്ങിയ വകുപ്പുകളുടെ സ്റ്റാളുകൾ മേളയെ ആകർഷകമാക്കും.

കൂടാതെ വനിതാ ശിശുക്ഷേമ വകുപ്പ് നടത്തുന്ന പപ്പറ്റ് ഷോ, ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്നഫോക് ലോർ അക്കാദമിയുടെ നാടൻപാട്ട് , എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന കാക്കാരശി നാടകം, പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഗോത്രകലാ സംഗമം, വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കുട്ടികളുടെ കലാപരിപാടികൾ തുടങ്ങിയവ പരിപാടിക്ക് മിഴിവേകും.

യോഗത്തിൽ എ ഡി എം പി.റ്റി.എബ്രഹാം, തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ, സി പി ഐ ജില്ലാ സെക്രട്ടറി എ പി ജയൻ, മുൻ എംഎൽഎ കെ.സി. രാജഗോപാലൻ, അലക്സ് കണ്ണമല, രാജു നെടുമ്പുറം, സത്യൻകണ്ണങ്കര, ശ്രീകുമാർ, ബി ഷാഹുൽ ഹമീദ്, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 512/19)

## ഐ.റ്റി എക്സ്പെർട്ട്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയുടെ ഭാഗമായി ഇ–ഗവേണൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തി ജില്ലാ പ്ലാനിംഗ് ഓഫീസിൽ ഒരു ഐ.റ്റി എക്സ്പെർട്ട്, ഒരു ഡാറ്റാ

എൻട്രി ഓപ്പറേറ്റർ എന്നിവരെ നിയമിക്കുന്നു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. ബി.ടെക്/ഡിപ്ലോമ ഇൻ ഐ.റ്റി/കംപ്യൂട്ടർ സയൻസ് യോഗ്യതയും ഡാറ്റാ അനാലിസിസ്, ഡാറ്റാ ഇന്റർപ്രട്ടേഷൻ അടക്കമുള്ള മേഖലകളിൽ പരിജ്ഞാനവും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമാണ് ഐ.റ്റി.എക്സ്പെർട്ടിനുള്ള യോഗ്യത. ഡി.സി.എയും (മലയാളം & ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ്) ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയ്ക്കുള്ള യോഗ്യത. താത്പര്യമുള്ളവർ ഈ മാസം 18ന് രാവിലെ 10.30ന് കളക്ടറേറ്റിന്റെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ അസൽ സർട്ടിഫിക്കറ്റുകളും തിരിച്ചറിയൽ രേഖയും സഹിതം ഹാജരാകണം. (പിഎൻപി 513/19)

## ഭരണനിർവഹണത്തിൽ മാതൃഭാഷ ഒഴിവാക്കുന്നത് ഭാഷാപരമായ മനുഷ്യാവകാശലംഘനം: മന്ത്രി കെ. രാജു

ഭരണനിർവഹണത്തിന് മാതൃഭാഷ ഉപയോഗിക്കാതിരിക്കുന്നത് ഭാഷാപരമായ മനുഷ്യാവകാശ ലംഘനമാണെന്ന് വനംവകുപ്പ് മന്ത്രി കെ. രാജു. സംസ്ഥാന ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, ജില്ലാ ഭരണകൂടം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ ഭരണഭാഷാവബോധ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ജനങ്ങളോട് വോട്ട് ചോദിച്ച ഭാഷയിൽ ഭരണം നടത്തേണ്ട ധാർമികമായ ഉത്തരവാദിത്തം സർക്കാരിനുണ്ട്. വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഭരണസംവിധാനത്തിൽ മലയാളത്തിന്റെ ഉപയോഗം വർധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ന്യൂനപക്ഷ ഭാഷകൾ ആവശ്യത്തിന് മാത്രം ഉപയോഗിച്ച് ഭരണഭാഷയായ മലയാളത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിന് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം.

ഒരു ഭാഷയുടെ ശക്തിയായി ആധുനിക സമൂഹം കണക്കാക്കുന്നത് ആ ഭാഷയുടെ ഡിജിറ്റൽ ശക്തിയെയാണ്. കേരളത്തിലെ വെബ്സൈറ്റുകൾ മലയാളത്തിൽ ലഭ്യമാക്കൽ, മലയാളഭാഷയുടെ സമ്പത്തായ ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്യൽ, സംസ്ഥാന പുരാവസ്തു-പുരാരേഖ വകുപ്പിന്റെ കൈവശമുള്ള ലക്ഷക്കണക്കിന് താളിയോലകൾ ഡിജിറ്റലൈസ് ചെയത് ലിപിമാറ്റം നടത്തി ലഭ്യമാക്കൽ, കോടതിഭാഷ മലയാളമാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് മലയാള ഭാഷാവികസനത്തിനായി സർക്കാർ തലത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. മലയാളഭാഷയുടെ നിലനിൽപ്പിനായി അടിസ്ഥാനപരമായ നിയമനിർമാണം നടത്തുവാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. ഭരണരംഗത്തെ ഇരുപതിനായിരത്തോളം പദങ്ങളും അവയുടെ മലയാള രൂപങ്ങളും ചേർത്തുകൊണ്ട് ഭരണമലയാളം എന്ന പേരിൽ ഓൺലൈൻ നിഘണ്ടുവും ഓൺലൈൻ ആപ്ലിക്കേഷനും ഔദ്യോഗിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിങ് എന്നിവയും വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടത്തുന്നുണ്ട്. ജാതി-മത വിവേചനങ്ങൾക്കതീതമായി ലോകത്തെവിടെയും കേരളീയരെ വൈകാരികമായി ഒരുമിപ്പിക്കുന്നത് മലയാളഭാഷയാണ്. കേരളത്തിന്റെ എല്ലാ സാമൂഹ്യമണ്ഡലങ്ങളിലും മലയാള ഭാഷാ വ്യാപനം സാധ്യമാകേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഉദ്യോഗസ്ഥരുടെ സഹകരണം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. ഉദ്യോഗസ്ഥ - ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ് അഡീഷണൽ സെക്രട്ടറി എസ്. മുഹമ്മദ് ഇസ്മായിൽകുഞ്ഞ് ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേരള സർവകലാശാല മലയാള വിഭാഗം മേധാവി ഡോ. ബി.വി ശശികുമാർ ഭരണഭാഷ സംബന്ധിച്ച് പ്രഭാഷണം നടത്തി. വകുപ്പ് ഭാഷാവിദഗ്ധൻ ആർ

ശിവകുമാർ കേരളത്തിലെ ഭരണഭാഷ എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. വകുപ്പ് സെക്ഷൻ ഓഫീസർ എ.അജിത് പ്രസാദ് ഔദ്യോഗികഭാഷാ മാർഗരേഖകൾ ഉദ്യോഗസ്ഥർക്കായി വിവരിച്ചു. കേരളത്തിലെ ഭരണഭാഷാപ്രശ്നങ്ങൾ എന്ന വിഷയത്തിൽ ചർച്ചയും നടത്തി. എഡിഎം പി.ടി എബ്രഹാം, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. (പിഎൻപി 514/19)

## റോഡ് സുരക്ഷാ വാരം

ദേശീയ റോഡ് സുരക്ഷാ വാരത്തിന്റെ ജില്ലാതല സമാപനം തിരുവല്ല ബോധന ആഡിറ്റോറിയത്തിൽ നഗരസഭാധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ ഉദ്ഘാടനം ചെയ്തു. എൻഫോഴ്സ്മെന്റ് ആർടിഒ രമണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ.അർജുൻ റോഡ് സുരക്ഷാ സന്ദേശം നൽകി. വാഹനാപകടങ്ങളും കോടതി നടപടികളും എന്ന വിഷയത്തിൽ അഡ്വ.വി.വി.ഷാജി ക്ലാസെടുത്തു. ജോയിന്റ് ആർടിഒമാരായ എൻ.സി.അജിത് കുമാർ, എഎംവിഐ ജ്യോതികുമാർ, സി.ശ്യാം, ഫാ.സാമുവൽ വിളയിൽ, വാർഡ് അംഗം ഷേർളി തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 515/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കളക്ടറേറ്റിൽ നടന്ന ഭരണഭാഷാവബോധ പരിപാടി മന്ത്രി കെ.രാജു ഉദ്ഘാടനം ചെയ്യുന്നു.
2) ദേശീയ റോഡ് സുരക്ഷാ വാരത്തിന്റെ ജില്ലാതല സമാപനം തിരുവല്ല ബോധന ആഡിറ്റോറിയത്തിൽ നഗരസഭാധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഫെബ്രുവരി 11**

**February 11**

**2019**

***1193 മകരം 28 തിങ്കൾ***

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മാറ്റത്തിന്റെ കാഴ്ചകൾ പകർത്താം.....സമ്മാനങ്ങൾ നേടാം....**
**ഓൺലൈൻ വീഡിയോ മത്സരം ' മിഴിവ് 2019 ' ന് തുടക്കമായി**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന ഓൺലൈൻ വീഡിയോ മത്സരം ' മിഴിവ് 2019 ' ന് തുടക്കമായി . ഠഠഠ.ാശ്വവശ്2019.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത് മത്സരത്തിൽ പങ്കെടുക്കാം. അപ്ലോഡ് ചെയ്യുന്ന വീഡിയോകൾ പ്രമുഖ സിനിമാ പരസ്യ സംവിധായകർ വിലയിരുത്തി ക്യാഷ് പ്രൈസുകൾ നൽകും . ഒന്നാം സമ്മാനം: ഒരു ലക്ഷം രൂപ ,രണ്ടാം സമ്മാനം : 50,000/ രൂപ ,മൂന്നാം സമ്മാനം: 25,000/ രൂപ പ്രോത്സാഹന സമ്മാനം 5,000/ രൂപ വീതം പത്ത് പേർക്ക് . അതോടൊപ്പം മികച്ച സൃഷ്ടികളുടെ അണിയറപ്രവർത്തകർക്ക് പി ആർ വകുപ്പിന്റെ മറ്റ് വീഡിയോ / ഓഡിയോ സംരംഭങ്ങളിൽ പങ്കാളികളാകുന്നതിന് പരിഗണനയും നൽകും. സർക്കാർ വകുപ്പുകളുടെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് പി ആർ ഡി ഡയറക്ടർ ടി.വി സുഭാഷ് പറഞ്ഞു.

രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ലോഗിൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ഈ മാസം 24 വരെ വീഡിയോ അപ്ലോഡ് ചെയ്യാം. പ്രധാനമായും വികസനം , ക്ഷേമം , കേരള പുനർനിർമാണ വിഷയങ്ങളിലൂന്നിയാണ് വീഡിയോകൾ നിർമിക്കേണ്ടത്. പ്രഫഷണൽ കാമറ ഉപയോഗിച്ചോ , മൊബൈലിലോ ഷൂട്ട് ചെയ്യാം. ഫിക്ഷൻ/

ഡോക്യൂഫിക്ഷൻ/ അനിമേഷൻ (3 D / 2 D), നിശ്ചലചിത്രങ്ങൾ മൂവിയാക്കിയോ, ഏത് മേക്കിംഗ് രീതിയിലും വീഡിയോ അവതരിപ്പിക്കാം. എന്നാൽ, സാധാരണക്കാരന് മനസിലാകുന്ന വിധത്തിൽ ലളിതവും കൗതുകം നിറഞ്ഞതും ആകണം സൃഷ്ടി. വീഡിയോകളുടെ പരമാവധി ദൈർഘ്യം മൂന്ന് മിനിറ്റ് ആണ്. ക്രെഡിറ്റ്സ്, ലഘുവിവരണം എന്നിവ ചേർത്ത് ഫുൾ എച്ച്ഡി (1920ണ്മ1080) ഞജ4 ഫോർമാറ്റിൽ വേണം അപ്‌ലോഡ് ചെയ്യേണ്ടത് . (പിഎൻപി 516/19)






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**